**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 327** **28-06-2024 - ൽ മറുപടിയ്ക്ക്**

**മദ്യവും മയക്കുമരുന്നും അനധികൃതമായി കടത്തി കൊണ്ടുവരുന്നത് തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. കെ. ബാബു (നെന്മാറ)** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | രാജ്യത്താകമാനം മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം വർദ്ധിച്ചുവരുന്നതായ വിവിധ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | രാജ്യത്താകമാനം മദ്യം മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം വർദ്ധിച്ച വരുന്നതായ കണക്കുകൾ ലഭ്യമല്ല. |
| (ബി) | ഈ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ എക്സൈസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും കാലാനുസൃതമായി നവീകരിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്ത് ലഹരിക്കടത്ത്, വില്പന, ഉല്പാദനം എന്നിവക്കെതിരെ എക്സൈസ് വകുപ്പ് കർശന എൻഫോഴ്സ്മെന്റ് നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. സമൂഹത്തിന്റെ എല്ലാ തലങ്ങളിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് വിപുലവും ശക്തവുമായ പരിശോധനകളും റെയിഡുകളും നടത്തി നിയമ നടപടികൾ സ്വീകരിച്ച വരുന്നു. വകുപ്പിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് ആധുനിക വാഹനങ്ങളും ആയുധങ്ങളും Abon Kit, Drug Detection Kit, പോലെയുള്ള ആധുനിക ഉപകരണങ്ങളും KEMU (കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ്) പോലെയുള്ള ആധുനിക സംവിധാനങ്ങളും അനുവദിച്ചിട്ടുണ്ട്.<br><br>ജില്ലകൾ കേന്ദ്രീകരിച്ച 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾറൂം, 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്ട്രൈക്കിംഗ് ഫോഴ്സ് യൂണിറ്റുകൾ, ഹൈവേ പട്രോൾ വാഹനപരിശോധന യൂണിറ്റുകൾ, ബോർഡർ പട്രോൾ യൂണിറ്റുകൾ, സംസ്ഥാന അതിർത്തി പങ്കിടുന്ന ജില്ലകളിൽ KEMU യൂണിറ്റുകൾ എന്നിവ പ്രവർത്തിച്ചുവരുന്നു.<br><br>ലഹരി സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നും നേരിട്ടും ഓൺലൈൻ മുഖാന്തിരവും വിവിധ സോഷ്യൽമീഡിയ പ്ലാറ്റ്ഫോമുകൾ വഴിയും പത്രമാധ്യമങ്ങളിൽ പരസ്യപ്പെടുത്തുന്ന ഫോൺ നമ്പർ മുഖേനയും ലഭ്യമാകുന്ന വിവരങ്ങൾ ശേഖരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. വിവര സാങ്കേതിക |

| | | | |
|---|---|---|---|
| | | | വിദ്യ ഉപയോഗിച്ചുള്ള മയക്കുമരുന്നിടപാടുകൾ കണ്ടെത്തുന്നതിനും കേസന്വേഷണത്തിൽ തെളിവ് ശേഖരിക്കുന്നതിനുമായി സൈബർ സെല്ലുകളും ഐ.ടി. സെല്ലുകളും പ്രവർത്തിക്കുന്നു.<br><br>മയക്കുമരുന്ന് ഉപയോഗിച്ചതിന് NDPS വകുപ്പ് 27 പ്രകാരം ശിക്ഷിക്കപ്പെടുന്നയാൾ കുറ്റം ആവർത്തിച്ചാൽ നിയമപ്രകാരമുള്ള പരമാവധി ശിക്ഷയുടെ ഒന്നര ഇരട്ടി ശിക്ഷവിധിക്കുന്നതിന് സെക്ഷൻ 31 പ്രകാരം നിയമ നടപടി സ്വീകരിച്ചുവരുന്നു.<br><br>കണ്ടെടുക്കുന്ന മദ്യ-മയക്കുമരുന്ന് കേസുകൾ എക്സൈസ് റേയ്ഞ്ച് ഓഫീസ്, സർക്കിൾ ഓഫീസ്, ജില്ലാ സ്പെഷ്യൽ സ്ക്വാഡ്, നാർക്കോട്ടിക് എൻഫോഴ്സ്മെന്റ് സ്ക്വാഡ്, എക്സൈസ് ക്രൈംബ്രാഞ്ച് വിഭാഗങ്ങൾ അന്വേഷിച്ച് കുറ്റവാളികൾക്ക് അർഹമായ ശിക്ഷ ലഭിക്കുന്ന രീതിയിൽ കോടതികളിൽ കേസുകൾ നടത്തിവരുന്നു.<br><br>മയക്കുമരുന്ന് കേസിൽ ഉൾപ്പെട്ട 2390 സ്ഥിരം മയക്കുമരുന്ന് കുറ്റവാളികളുടെ ഡേറ്റാഷീറ്റ് തയ്യാറാക്കി നിരന്തരം നിരീക്ഷിച്ച് അവരെ PIT NDPS Act പ്രകാരം കരുതൽ തടങ്കലിൽ പാർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | അതിർത്തിയിലെ ഊടുവഴികളിലൂടെ മദ്യവും മയക്കുമരുന്നും അനധികൃതമായി അന്യ സംസ്ഥാനങ്ങളിൽ നിന്നും കടത്തി കൊണ്ടുവരുന്നത് തടയുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ; | (സി) | സംസ്ഥാന, ജില്ലാ അതിർത്തികളിൽ പ്രത്യേക പരിശോധനകളും വാഹന പരിശോധനകളും നടത്തിവരുന്നു. സംസ്ഥാന അതിർത്തി റോഡുകളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ, ഹൈവേ പട്രോളിംഗ് യൂണിറ്റുകൾ, ചെക്ക് പോസ്റ്റുകൾ എന്നിവ പ്രവർത്തിക്കുന്നു. സംസ്ഥാന അതിർത്തി റോഡുകളിൽ ചെക്ക് പോസ്റ്റുകൾ ഇല്ലാത്തയിടങ്ങളിലും അതിർത്തികളിലെ പുഴയോര പ്രദേശങ്ങളിലും ഊടുവഴികളിലും വാഹന പരിശോധനക്കായി തിരുവനന്തപുരം, പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ KEMU (കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ്) യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നു. |
| (ഡി) | കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ് (കെമു) എന്ന പേരിൽ ഒരു പട്രോളിംഗ് യൂണിറ്റ് രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പുരോഗതി വിശദമാക്കുമോ? | (ഡി) | ഉണ്ട്. 2023 ഏപ്രിൽ മാസം മുതൽ തമിഴ് നാട്, കർണ്ണാടക സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന തിരുവനന്തപുരം, പാലക്കാട്, വയനാട്, കാസർഗോഡ് ജില്ലകളിലെ അതിർത്തി മേഖലകളിൽ പ്രവർത്തിക്കുന്ന എക്സൈസ് ചെക്ക് പോസ്റ്റുകളെ ഒഴിവാക്കി മറ്റ് റോഡുകളിലൂടെ മദ്യം, മയക്കുമരുന്ന്, നിരോധിത ലഹരി വസ്തുക്കൾ എന്നിവ കടത്തുന്നത് |

| | | | |
|---|---|---|---|
| | | | തടയുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്നതും രാത്രികാല വാഹന പരിശോധനക്കാവശ്യമായ സജ്ജീകരണ ങ്ങളോടെ കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ് (KEMU) എന്ന പേരിൽ പുതിയ ഒരു സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളതാണ്.<br><br>KEMU കണ്ടുപിടിക്കുന്ന അബ്കാരി കേസുകൾ ബന്ധപ്പെട്ട റേയ്ഞ്ച് ഓഫീസുകൾക്ക് കൈമാറുകയും , NDPS കേസുകൾ അധികാരപ്പെട്ട ഓഫീസറെ വിളിച്ചു വരുത്തി തുടർ നടപടി സ്വീകരിക്കുകയും ചെയ്യുന്നു. നാളിതുവരെ 41 അബ്കാരി കേസുകളും 148 എൻ.ഡി.പി.എസ്. കേസുകളും 272 കോട്പ കേസുകളും കണ്ടെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ